# ആ കുഞ്ഞുജീവിതം തളിരണിയാൻ എഡ്വിൻ ഡൊമിനിക്കിന്റെ കാരുണ്യം

## നാലു വയസുകാരന് മജ്ജ ദാനംനൽകി കോളജ് വിദ്യാർഥി

കൊച്ചി • എഡ്വിന് ആ നാലു വയസുകാരൻ അജ്ഞാതനാണ്. എന്നാൽ, ആ കുഞ്ഞു ജീവിതത്തിലേക്കു പ്രത്യാശയുടെ മധുരസംഗീതമായി ഒഴുകകയാണ് എഡ്വിൻ ഡൊമിനിക് എന്ന ഇരിങ്ങാലക്കുടക്കാരൻ.

താലസീമിയ എന്ന മാരക രക്തരോഗം ബാധിച്ച നാലു വയസുകാരനു ജീവിതത്തിലേക്കു തിരിച്ചുനടക്കാൻ മജ്ജ ദാനംനൽകുകയായിരുന്നു ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ ബികോം വിദ്യാർഥി എഡ്വിൻ ഡൊമിനിക്.

ചെന്നൈ അപ്പോളോ ആശുപത്രിയിൽ കഴിഞ്ഞ ശനിയാഴ്ചയാണ് എഡ്വിൻ മജ്ജ നൽകിയത്. പിറ്റേന്നു തന്നെ ആശുപത്രി വിട്ട എഡ്വിൻ സുഖമായിരിക്കുന്നു.



എഡ്വിൻ ഡൊമിനിക്

കേരളത്തിൽനിന്നു രക്തബന്ധത്തിനു പുറത്തു മജ്ജ ദാനംചെയ്യുന്ന രണ്ടാമത്തെ സംഭവമാണ് ഇതെന്നു സന്നദ്ധ സംഘടനയായ ദാത്രി ബ്ലഡ് സ്റ്റെം സെൽ ഡോണേഴ്സ് റജിസ്ട്രി കേരളയുടെ കോ ഓർഡിനേറ്റർ എബി സാം ജോൺ പറഞ്ഞു. കഴിഞ്ഞ വർഷം ഒക്ടോബറിൽ തിരുവനന്തപുരം ശ്രീകാര്യം കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ വിദ്യാർഥി അജയ് കൃഷ്ണൻ രക്തബന്ധത്തിനു പുറത്തു മജ്ജദാനം നടത്തിയിരുന്നു.

ഒരു കുഞ്ഞുജീവിതം രക്ഷിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്ന് എഡ്വിൻ പറയുന്നു. സംഗീത കുടുംബത്തിൽനിന്നുള്ള എഡ്വിൻ സംഗീത സംവിധായകനും ഗായകനും നടനുമാണ്. എഡ്വിന്റെ പിതാവും കൂട്ടുകാരും ചേർന്നു ഫെബ്രുവരിയിൽ 'ലുവിയ' എന്ന പേരിൽ മലയാളം ആൽബം ഇറക്കിയിരുന്നു.